LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷണശാലകളിലെ പരിശോധന

90 (2366) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഭക്ഷണശാലകളിൽ നടത്തിയ പരിശോധനയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ എണ്ണം എത്ര;

(ബി) ഇതിൽ എത്ര കേസ്സുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്, എത്ര രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ഫാസ്റ്റ് ഫുഡ് ഭക്ഷണശാലകളിൽ ഫലപ്രദമായി പരിശോധന നടത്താൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, എത്ര രൂപ പിഴയായി ഒടുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഭക്ഷണശാലകളിൽ നടത്തിയ പരിശോധനയിൽ കോമ്പൗണ്ടിംഗ് ഉൾപ്പെടെ 742 കേസ്സുകൾ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 71 കേസ്സുകളിൽ ഇതിനകം കോമ്പൗണ്ടിംഗ് നടപടികളുൾപ്പെടെ പൂർത്തീകരിച്ചിട്ടുണ്ട്. ഫൈനായി ഇതിനകം 66,26,500 രൂപ ഈടാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനമൊട്ടാകെ നൈറ്റ് സ്ക്വാഡുകളുൾപ്പെടെ പ്രത്യേകമായി രൂപീകരിച്ച് ഇതിനകം പരിശോധന നടത്തിയിട്ടുണ്ട്. 35 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 15,37,000 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

ബാക്ടീരിയോളജി ടെസ്റ്റ്

91 (2367) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വസ്തുക്കളിലെ മായവും പഴക്കവും പരിശോധിക്കുന്നതിനായി സംസ്ഥാനത്ത് എത്ര ലാബുകളാണ് ഉള്ളതെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) ബാക്ടീരിയോളജി ടെസ്റ്റ് നടത്താൻ എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളതെന്നും സംസ്ഥാനത്ത് എത്ര മൈക്രോബയോളജിസ്റ്റുകൾ ഉണ്ടെന്നും വെളിപ്പെടുത്താമോ;